(ബി) കന്നുകാലികളുടെ പ്രധാനരോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് 50% കേന്ദ്ര സഹായത്തോടുകൂടി കന്നുകാലി വികസനത്തിനു വേണ്ടിയുള്ള മൃഗചികിത്സാ സേവനം എന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതി, ദേശീയ സാമ്പത്തിക പ്രാധാന്യമുള്ള രോഗങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി, മൃഗരോഗ നിരീക്ഷണ പഠന പദ്ധതി എന്നീ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.

ഇതുകൂടാതെ 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ കാലിരോഗ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ദേശീയ ക്ഷീരവികസന സമിതിയുടെ സഹായത്തോടുകൂടി മുഴുവൻ ജില്ലകളേയും കാലിരോഗ നിയന്ത്രണ മേഖലയാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് 32.36 കോടി രൂപ മതിപ്പു വരുന്ന 5 വർഷം കൊണ്ട് നടപ്പിലാക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്.

കയറിനും കയറുല്പന്നങ്ങൾക്കും അനുവദിച്ച റിബേറ്റ്

111 (1907) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറിന്റെയും കയറുല്പന്നങ്ങളുടേയും ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര ശതമാനം വീതം എത്ര ദിവസം റിബേറ്റ് അനുവദിച്ചിട്ടുണ്ട് ;

(ബി) മുൻ സർക്കാരിന്റെ കാലത്തെ കണക്കും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേന്ദ്രസർക്കാർ 1-4-2000 മുതൽ റിബേറ്റ് നിറുത്തലാക്കുകയും സംസ്ഥാനത്ത് വിപണന വികസന പദ്ധതി (എം.ഡി.എ) നിലവിൽ വരികയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-3-2001 വരെയുള്ള റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഏഴ് കോടി രൂപ അനുവദിക്കുകയും ടി തുക മുഴുവൻ ചെലവഴിക്കുകയും ചെയ്തു. മുൻ സർക്കാരിന്റെ കാലത്ത്, 1996-97 മുതൽ 2000-2001 വർഷം വരെയുള്ള കാലയളവിൽ റിബേറ്റിനായി മൊത്തം 32,23,91,000 രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും, 30,99,57,835 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സോഷ്യൽ ഫോറസ്ട്രി സ്കീമിന് ബാങ്ക് സഹായം

112 (1908) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'സോഷ്യൽ ഫോറസ്ട്രീ സ്കീം' നടപ്പിലാക്കുന്നതിന് ലോകബാങ്കിൽനിന്നോ മറ്റെവിടെയെങ്കിലും നിന്നോ ധനസഹായം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly